കവിത

## സുന്ദര പുലരി

രാവിലെ ഒരു കിളിനാദം ...
അതിരാവിലെ ഒരു കുയിൽ നാദം....
കാക്കയും കോഴിയും പിന്നീടൊക്കെ
ചുണ്ടയ്ക്കാക്കിളി നാദത്താലും....
ഉച്ചസ്ഥായിയിൽ പാട്ടുകൾ പാടി
സാദകം ചെയ്യ്തൊരു കുഞ്ഞിക്കിളിയും .....
പനിനീർ തുള്ളികൾ പുതച്ചൊരു പുല്ലും,
ഒക്കെയുമായിട്ടൊരു പുലരിക്കിണ്ണം.
ഉദിച്ചു നിന്നു സുന്ദരസൂര്യൻ
പ്രകാശമരുളും ലോകത്തിന്നായ്....
ആകാശത്തിൻ ചരുവിൽക്കൂടെ
പാറിയകന്നു പക്ഷിക്കൂട്ടം..
കൂട്ടിലിരിക്കും കുഞ്ഞിക്കിളിക്കായ്
അമ്മക്കിളിയുടെ നെട്ടോട്ടങ്ങൾ...
അങ്ങനെ നല്ലൊരു സുന്ദരപുലരി
വിടർന്നീടുന്നു നമ്മൾക്കായി....
ലോകത്തിന്നൊരു മായാജാലം
ദൈവത്തിൻഒരു കരവിരുതല്ലോ ....

ജെ.എസ്.അനന്ദ്
7:A
ഗവ: യു. പി .എസ്.
കടയ്ക്കൽ